**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 227** **24-02-2026 - ൽ മറുപടിയ്ക്ക്**

**ആറ്റുതീര സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആറ്റുതീര സംരക്ഷണത്തിനായി കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ആറ്റുതീരങ്ങൾ സംരക്ഷണ ഭിത്തി കെട്ടി സുരക്ഷിതമാക്കുന്നതിനുള്ള പ്രവൃത്തികൾ അടിയന്തര പ്രാധാന്യം പരിഗണിച്ചും ഫണ്ടിന്റെ ലഭ്യത അനുസരിച്ചും നടന്നു വരുന്നുണ്ട്. ഭിത്തികൾക്ക് ബലക്ഷയമുള്ള ഭാഗങ്ങൾ ഒഴികെയുള്ള മറ്റിടങ്ങളിൽ ജിയോ ടെക്സ്റ്റൈൽ **(Geotextile)** ഉപയോഗിച്ചുള്ള ആധുനിക തീരസംരക്ഷണ രീതികളും നടപ്പിലാക്കി വരുന്നുണ്ട്. വിവിധ കാര്യാലയങ്ങളിൽ നദീസംരക്ഷണത്തിനായി ലഭ്യമാകുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ **priority list** തയ്യാറാക്കി വെള്ളപ്പൊക്ക നിയന്ത്രണം **(Flood Control),** വെള്ളപ്പൊക്ക കെടുതി **(Flood Damage), River Management Fund (RMF)** പദ്ധതികളിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി, സാങ്കേതികാനുമതി ഇവ ലഭ്യമാക്കി നദീതീര സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. കൂടാതെ വലിയ അടങ്കൽ വേണ്ടിവരുന്ന പ്രവൃത്തികൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപ്പിലാക്കി വരുന്നു. |
| (ബി) | തോടുകളുടെയും ആറുകളുടെയും തീരസംരക്ഷണം ഉറപ്പ് വരുത്തി നീരൊഴുക്ക് സുഗമമാക്കുന്നതിന് എന്തൊക്കെ പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | ആറ്റുതീരങ്ങൾ സംരക്ഷണ ഭിത്തി കെട്ടി സുരക്ഷിതമാക്കുന്നതിനുള്ള പ്രവൃത്തികൾ അടിയന്തര പ്രാധാന്യം പരിഗണിച്ചും ഫണ്ടിന്റെ ലഭ്യത അനുസരിച്ചും നടന്നു വരുന്നുണ്ട്. ഭിത്തികൾക്ക് ബലക്ഷയമുള്ള ഭാഗങ്ങൾ ഒഴികെയുള്ള മറ്റിടങ്ങളിൽ ജിയോ ടെക്സ്റ്റൈൽ **(Geotextile)** ഉപയോഗിച്ചുള്ള ആധുനിക തീരസംരക്ഷണ രീതികളും നടപ്പിലാക്കി വരുന്നുണ്ട്. വിവിധ കാര്യാലയങ്ങളിൽ നദീസംരക്ഷണത്തിനായി ലഭ്യമാകുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ **priority list** തയ്യാറാക്കി വെള്ളപ്പൊക്ക നിയന്ത്രണം **(Flood Control),** വെള്ളപ്പൊക്ക കെടുതി **(Flood Damage), River Management Fund (RMF)** പദ്ധതികളിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി, സാങ്കേതികാനുമതി ഇവ ലഭ്യമാക്കി നദീതീര സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. കൂടാതെ വലിയ അടങ്കൽ വേണ്ടിവരുന്ന പ്രവൃത്തികൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ